# വാടകയ്ക്ക് കിട്ടുന്ന മറവ്

**സുസ്മേഷ് ചന്ത്രോത്ത്**

ഞങ്ങൾ സർവ്വജ്ഞപീഠം കാണാൻ പോയി. കണ്ണൂരിൽ നിന്നും മലപ്പുറത്തുനിന്നുമെത്തിയ കുടുംബങ്ങളും മലകയറുന്നുണ്ടായിരുന്നു. എവിടെയോനിന്ന് ഒലിച്ചെത്തി പരിചയപ്പെട്ട് എവിടേക്കോ മറയുന്നവർ. ജീവിതത്തിന്റെ വിഷാദങ്ങളെ അല്പനിമിഷത്തേക്കു മറക്കുന്നവർ. അതിനു സഹായിക്കുന്നത് ഭൂമിയുടെ തുറന്ന കാഴ്ചകളാണ്. പോക്കുവെയിൽ വീണു വറ്റിയിരിക്കുന്ന മരക്കൂട്ടങ്ങളും തണുത്ത കാറ്റും തല പൊക്കാൻ ശ്രമിക്കുന്ന കോടയും താഴ്വാരങ്ങാൻ വെമ്പുന്ന സസ്യവും മനസ്സുകളെ വൃത്തിയാക്കുന്നു. ഇടയിൽ ഗണപതിഗുഹ കണ്ടു. സർവ്വജ്ഞപീഠമെന്നാൽ മറ്റൊന്നുമില്ല. കരിങ്കൽപ്പാളികളാൽ തീർത്ത ഒരു മണ്ഡപം. അത് ഉയരത്തിന്റെ സമാപ്തിയാണ്. ഐതിഹ്യങ്ങളും കഥകളും അവിടെ ഉറങ്ങുന്നു. ജ്ഞാനവും തർക്കവും ഉത്തരവും അവിടെ ലയിക്കുന്നു. പരംപൊരുളിന്റെ ശാന്തി, പ്രകൃതിഭാവങ്ങളായി നമ്മെ തൊടുന്നു. നാലുപാടും നോക്കിയാൽ കാണുന്ന മലനിരകൾ. അതു മുഴുവൻ വനമാണ്. നൂറ്റാണ്ടുകൾക്കു പിറകിൽ ജ്ഞാനിയായ ഒരു ബാലൻ ഏകനായി നടന്നെത്തിയ കാട്. എല്ലാം ഒന്നാകുകയാണ്. അതുതന്നെയാണ് ഇതും. മാറ്റം ഇടയിലെ ചില ലളിതവാക്യങ്ങൾ മാത്രം. കൊച്ചുകുട്ടികളും വൃദ്ധകളും ദുർഘട പാതയിലൂടെ താഴെ അഗസ്ത്യകൂടത്തിലേക്കു പോകുന്നുണ്ട്. ഞങ്ങളും ഒരു പാറപ്പുറത്ത് നൂണ്ടിറങ്ങി, താഴേക്ക്; കയറിൽ പിടിച്ചിറങ്ങും പോലെ ഇറങ്ങാൻ ഭൂമിയുടെ ഒരു കൈവേല! മനസ്സു പിഴച്ചാൽ കാലുവിറച്ചാൽ, നാം ഒരു പിടി മാംസമായി താഴേക്ക് പതിക്കും! ഏറ്റം ദുഷ്കരമായത് ഈ ഇറക്കമായിരുന്നു. ഞങ്ങൾക്കു തിരിച്ച് മുകളിൽ കയറിയിട്ട് സർവ്വജ്ഞപീഠത്തിനടുത്തിരുന്ന് അസ്തമയം കാണണം. പക്ഷേ, ലക്ഷ്യത്തിലെത്തിയപ്പോൾ മനസ്സു നമസ്കരിച്ചു ശങ്കരനെ, പാറയ്ക്കുള്ളിലെ ആ ഗുഹ ഉപയോഗിച്ച കാലാകാലങ്ങളിലെ മനുഷ്യരെ, അതു കണ്ടെത്താൻ മനുഷ്യനെ പ്രാപ്തനാക്കിയ അറിവിനെ......... അവിടെ പാറയുടെ അടരുകളിൽ നിന്ന് ഊറിവരുന്ന അമൃതജലമുണ്ട്. ആയുസ്സിനെ ഇരട്ടിയാക്കുന്ന ഔഷധജലം. ഹൃദയത്തെ അതിന്റെ സഞ്ചാരകാലം മുഴുവൻ ചുമന്ന വ്യാധികളെ എല്ലാം തണുപ്പിക്കുന്ന ഇറ്റിറ്റുവീഴുന്ന തുള്ളികൾ.



യാത്രാസഞ്ചി
ഭാഗം നാല്

സമയം 6.15. സൂര്യനസ്തമിക്കാൻ അധികനേരമില്ല. പെട്ടെന്ന് ചുട്ടുവിയർക്കുന്ന ശരീരത്തെ തേടി ആഴങ്ങളിൽ നിന്ന് മരങ്ങളെ തഴുകി കാറ്റു വന്നു. എടുത്തു മറിക്കുന്ന തണുത്ത കാറ്റ്. സൂചികളത്തിന്റെ പഴുതുകൾ. ആകാശത്ത് വെളിച്ചം ക്രമീകരിച്ച് സൂര്യൻ അരങ്ങ് ഒരുക്കുന്നു. അല്പംക്കൂടി കഴിഞ്ഞാൽ ആ മുഹൂർത്തമാകും. ഞങ്ങൾ സൂര്യാസ്തമയം ഭാഗികമായി കണ്ടു. മാവനത്ത് മൂടിയ കാറ്റും കോടയുടെ താണ്ഡവവും ഇറങ്ങിമൂടാൻ വരുന്ന ഇരുട്ടും ഞങ്ങളെ മലയിറങ്ങാൻ പ്രേരിപ്പിച്ചു. മനസ്സിൽ മരിക്കാത്ത ചിത്രങ്ങൾ തന്നുകൊണ്ട്, കുടജാദ്രിയിലെ സന്ദർശനം അകം നിറയുകയാണ്. സംതൃപ്തി. എന്തോ വലിയ സമാധാനം. ഞങ്ങളുടെ കൂടെ ഇറങ്ങിവന്ന കണ്ണൂരിലെ കുടുംബവും അതു തന്നെ പറഞ്ഞു.

**നാലുപാടും നോക്കിയാൽ കാണുന്ന മലനിരകൾ മുഴുവൻ വനമാണ്. നൂറ്റാണ്ടുകൾക്കു പിറകിൽ ജ്ഞാനിയായ ഒരു ബാലൻ ഏകനായി നടന്നെത്തിയ കാട്. എല്ലാം ഒന്നാകുകയാണ്. അതുതന്നെയാണ് ഇതും. മാറ്റം ഇടയിലെ ചില ലളിതവാക്യങ്ങൾ മാത്രം.**

അമ്പലത്തിനു താഴെ, ഇരുട്ടു പുതച്ച് ഞങ്ങൾക്കുറങ്ങേണ്ട സത്രങ്ങൾ. അതിലൊന്നിലാണ് ബാംഗ്ലൂരിൽ നിന്നു വന്നിട്ടുള്ള സംഘവും താമസിക്കുന്നത്. മനസ്സിൽ നൂറായിരം ചിത്രങ്ങൾ കടന്നുപോയി. പത്മതീർത്ഥക്കുളത്തിൽ അധികളുടെ അനുമതിയോടെ മുങ്ങിക്കുളിച്ചു. ദേഹത്ത് ഉമ്മവച്ച മീനുകളോട് നന്ദി പറഞ്ഞ്, ക്ഷേത്രത്തിലെത്തി. കന്നഡയിൽ മന്ത്രങ്ങൾ ഉതിരുന്നു. ഞങ്ങൾക്കുവേണ്ടി വന്ന രണ്ടു പുരോഹിതന്മാരും വിശേഷങ്ങളും ഐതിഹ്യങ്ങളും ചൊല്ലിത്തന്നു.

മൂന്ന് മൂർത്തികൾ. നിറയെ മണികൾ. കുങ്കുമവും നാളികേരവും പഴവും. എന്തും പ്രാർത്ഥിക്കാം. ഞാനാലോചിച്ചു ഇത് കർണ്ണാടകം. ഞാൻ വരുന്നത് കേരളത്തിൽ നിന്ന്. കിലോമീറ്ററുകൾ കുറേ താണ്ടിയാൽ ബാംഗ്ലൂർ നഗരം. അകന്നുപോകുന്നതെല്ലാം അടുത്താക്കിത്തരുന്ന, കീഴടക്കാൻ കഴിയില്ലെന്നു കരുതിയ ഭൂമികകളെ കാൽക്കീഴിലാക്കിത്തരുന്ന, എല്ലാം എല്ലാം ഉചിതം പോലെ കണ്ട് പ്രാർത്ഥിക്കുന്ന ഈ മലമുകളിലെ പ്രിയപ്പെട്ട ദൈവമേ. അകലത്തല്ല എല്ലാം അടുത്താണ്; അതു മനസ്സിലാക്കി പ്രാർത്ഥിക്കുകയേ വേണ്ടൂ. അതിനുള്ള കണ്ണാണ് തുറക്കേണ്ടതെന്നു മനസ്സിലാക്കി തരാൻ വേണ്ടിയാണല്ലോ ഈ മല കയറിയത്. മനസ്സിലാകുന്നു എല്ലാം മനസ്സിലാകുന്നു. തരുന്ന നന്മകൾക്കും സന്തോഷത്തിനു നന്ദി(ഒന്നുമില്ലാത്തവന് കിട്ടുന്നതെല്ലാം ബോണസ്സാണല്ലോ)

രാത്രി, ബാംഗ്ലൂരിൽ ജോലി ചെയ്യുന്ന ഗായത്രിയെ പരിചയപ്പെട്ടു. ഭക്ഷണം കഴിക്കാനിരിക്കുമ്പോൾ ഞങ്ങൾക്ക് എതിർവശത്തായിരുന്നു ഗായത്രിയും സുഹൃത്തുക്കളും. ഗായത്രി കറുത്ത ബനിയനും ജീൻസുമിട്ട തടിച്ച യുവതിയാണ്. മറ്റു പെൺകുട്ടികൾ ഷോട്സും ബനിയനും. അവരാരും ഞങ്ങളെ പരിഗണിച്ചിരുന്നില്ല. എങ്കിൽ എത്ര നന്നായിരുന്നു എന്ന മട്ടിലായിരുന്നു ഞങ്ങൾ. ഭക്ഷണശേഷം അവിടെ ആകെയുള്ള തീപ്പെട്ടിക്കൂടുപോലുള്ള കക്കൂസിലേക്ക് മൂത്രമൊഴിക്കാനായി ചെന്നപ്പോഴാണ് അതിന്റെ മാരകമായ അകം വ്യക്തമായത്. അസഹനീയമെന്നോ അസാദ്ധ്യമെന്നോ വിശേഷിപ്പിക്കാമായിരുന്നു. പൈപ്പിൽ വെള്ളവും കുറവ്. വഴുക്കുന്ന തറ. വൃത്തികേടായി കിടക്കുന്ന ക്ലോസറ്റ്. കതക് അടക്കാൻ യുദ്ധം നടത്തണം. ജനലിന് അടപ്പില്ല. മങ്ങിക്കത്തുന്ന ബൾബ്. പെൺകുട്ടികൾ അകത്തു ചവിട്ടാനാവാത്ത അവസ്ഥ മനസ്സിലാക്കി പുറത്തുപോയി ചെരിപ്പിട്ടു വന്നു. വാടകയ്ക്ക് കിട്ടുന്ന താമസസ്ഥലത്തിന്റെ ചേല് ആരുടെ കഴപ്പമാണ്? ഉടമസ്ഥരുടേയോ വരുന്നവരുടേയോ? പുറത്തു കാത്തുനിന്ന ഗായത്രിയെ ഞങ്ങൾ മുഖത്തു ചളിപ്പോടെ, പരസ്പരം സഞ്ചാരികളെന്ന പരിഗണനയിൽ പരിചയപ്പെടാനിടയായി. ബാംഗ്ലൂരിലെ ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുകയായിരുന്നു ഗായത്രി. വളരെ നല്ല നിലയിൽ ജോലി ചെയ്ത് വരുമാനമുണ്ടാക്കി ജീവിക്കുന്നവൾ.

പിൻവരാന്തയിൽ ചിലർ കിടപ്പുപിടിച്ചിരുന്നു. അവരെ ചവിട്ടാതെ വേണം കടന്നുപോകാൻ. ഗായത്രി പിൻവാങ്ങി. രാത്രി വളരുന്നു. നാളെ രാവിലെ ഞങ്ങൾ ഇവിടം വിട്ടു.

(തുടരും)